**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
**ചോദ്യം നം. 2632** 06.11.2019 ലെ മറുപടിയ്ക്ക്.

## പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം<br>ശ്രീ.എം.ഉമ്മർ : | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷത്തിലും ഈ സാമ്പത്തിക വർഷത്തിൽ പ്ലാൻ ഇനത്തിലും നോൺ പ്ലാൻ ഇനത്തിലും എത്ര തുക വകയിരുത്തിയെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്ര സഹായ പദ്ധതികൾക്കായി പദ്ധതിയേതര ഇനത്തിൽ തുകയൊന്നും വകയിരുത്തുന്നില്ല. എന്നാൽ 2018-19 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 304.98 കോടി രൂപയും, 2019-20 സാമ്പത്തിക വർഷം 328.33 കോടി രൂപയും പ്രതീക്ഷിത വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ആയതിൽ യഥാക്രമം 252.20 കോടി രൂപയും 167.02 കോടി രൂപയും (31-10-2019 വരെ) ചെലവഴിക്കുകയുണ്ടായി . കേന്ദ്രവിഹിതമായി 2017-18, 2018-19 വർഷങ്ങളിൽ യഥാക്രമം 104.26 കോടി രൂപയും, 13.674 കോടി രൂപയും മാത്രമാണ് ലഭിച്ചത്.<br><br>പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് തൻ വർഷത്തെ പ്രതീക്ഷിത ചെലവാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തുന്നത്. എന്നാൽ കേന്ദ്ര സർക്കാരിൽ സംസ്ഥാനം സമർപ്പിക്കുന്ന പ്രൊപ്പോസലിൻമേൽ കേന്ദ്രം മതിയായ തുക അനുവദിക്കുന്നില്ല. ആയതിനാൽ ടി പദ്ധതികളിൽ കേന്ദ്ര സഹായം ലഭിക്കുന്ന തുക മാത്രമേ തൻ വർഷം ചെലവഴിക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത സാഹചര്യത്തിൽ പ്ലാൻ ഇനത്തിൽ 2018-19 സാമ്പത്തിക വർഷം 8760.02 ലക്ഷം രൂപയിൽ 4940.96 ലക്ഷം രൂപയും 2019-20 വർഷം 6175.02 ലക്ഷം രൂപയിൽ 1061.57 ലക്ഷം രൂപയും (15.10.2019) വരെ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നോൺ പ്ലാൻ ഇനത്തിൽ പ്രത്യേക തുക വകയിരുത്തുന്നില്ല. |
| (ബി) | കേന്ദ്രാവിഷ്കൃത പദ്ധതിക്ക് തുക വകയിരുത്താത്ത സാഹചര്യത്തിൽ കേന്ദ്ര ഫണ്ട് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല. കേന്ദ്രസഹായ പദ്ധതികൾക്ക് ഒരോ വർഷവും സംസ്ഥാന ബഡ്ജറ്റിൽ ഫണ്ട് വകയിരുത്താറുണ്ട്. എന്നാൽ ആനുപാതികമായ കേന്ദ്രസഹായം സംസ്ഥാന സർക്കാരിനു ലഭ്യമാകാറില്ല. |
| (സി) | പ്രസ്തുത വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ? | (സി) | കേന്ദ്രസഹായ പദ്ധതികളുടെ നടത്തിപ്പിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ സംസ്ഥാന പദ്ധതികളുടെ മാനദണ്ഡങ്ങളുമായിട്ടുള്ള വ്യതിയാനത്താൽ പദ്ധതി പ്രവർത്തനം പൂർണ്ണമാക്കാൻ സാധിക്കാറില്ല. കേന്ദ്രസഹായം സമയബന്ധിതമായി ലഭിക്കാത്തതിനാലും, ഗുണഭോക്താക്കളുടെ അഭാവത്താലും, ട്രഷറി നിയന്ത്രണങ്ങളാലും പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാറില്ല.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികൾ എല്ലാം തന്നെ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡ പ്രകാരമാണ് നടപ്പിലാക്കുന്നത്. ടി പദ്ധതികളിൽ പോസ്റ്റ്-മെട്രിക്, പ്രീ-മെട്രിക് സ്കോളർഷിപ്പ്, പട്ടികവർഗ്ഗ ഉപപദ്ധതിയുടെ പ്രത്യേക കേന്ദ്ര സഹായം, പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷന് നൽകുന്ന ഗ്രാന്റ്, അതിക്രമം തടയൽ നിയമം, വിവിധ നിർമ്മാണ പ്രവൃത്തികൾ എന്നിവയ്ക്കാണ് തുക വകയിരുത്തി വരുന്നത്. ഇതിൽ നിർമ്മാണ പ്രവൃത്തികൾ ഒഴികെയുള്ള എല്ലാ പദ്ധതികൾക്കും മുഴുവൻ തുകയും അതാത് വർഷം ചെലവഴിക്കുന്നു. നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി അനുസരിച്ച് മാത്രമെ തുക വിനിയോഗിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ